# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3904 — 24-06-2014-ൽ മറുപടിക്ക്.

## എമർജിംഗ് കേരള പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും വകുപ്പു മന്ത്രി) |
| (എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട സർക്കാർ ഭൂമി ഏതെങ്കിലും കമ്പനിക്ക് പാട്ടവ്യവസ്ഥയിലോ, മറ്റേതെങ്കിലും വ്യവസ്ഥയിലോ നൽകേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം കമ്പനികൾക്ക്, എത്ര അളവിൽ എന്ന് വിശദമാക്കുമോ ; | (എ) എമർജിംഗ് കേരളയുമായി ബന്ധപ്പെട്ട് കെ.എസ്.ഐ.ഡി.സി. ഭൂമി ഏതെങ്കിലും കമ്പനിക്ക് പാട്ടവ്യവസ്ഥയിലോ, മറ്റേതെങ്കിലും വ്യവസ്ഥയിലോ നൽകിയിട്ടില്ല. വ്യവസായ വകുപ്പിന്റെ കീഴിലുള്ള മറ്റ് ഏതെങ്കിലും ഏജൻസികളോ വകുപ്പുകളോ എമർജിംഗ് കേരള പദ്ധതികളുമായി ബന്ധപ്പെട്ട് ഭൂമി നൽകിയിട്ടുണ്ടോ എന്ന വിവരം ശേഖരിച്ചു നൽകുന്നതാണ്. |
| (ബി) ഇനിയും സംരംഭങ്ങൾ സ്ഥാപിക്കുവാനുണ്ടോ; എങ്കിൽ എത്ര; | (ബി) എമർജിംഗ് കേരള പദ്ധതികളുടെ തുടർ പ്രവർത്തനങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾ മുഖേന നടന്നു വരുന്നു. |
| (സി) പ്രസ്തുത പരിപാടികൾക്കായി സർക്കാരിന് ഇതുവരെ എന്തു തുക ചെലവഴിക്കേണ്ടിവന്നിട്ടുണ്ട്; വിശദമാക്കുമോ ? | (സി) എമർജിംഗ് കേരള 2012 - മായി ബന്ധപ്പെട്ടു നടത്തിയ വിവിധ പ്രവർത്തനങ്ങൾക്ക് കെ.എസ്.ഐ.ഡി.സി. 1752.07 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ